**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

## 2019 ജൂൺ മാസം 17-ന് നിയമസഭ ഐകകണ്ഠേന പാസ്സാക്കിയ പ്രമേയം

ഇടനിലക്കാർ മുഖാന്തിരമുള്ള ഭാഗ്യക്കുറികൾ കേരളത്തിൽ നടത്തിക്കൊണ്ടിരുന്ന ഭാഗ്യക്കുറി കൊള്ളയെ സംസ്ഥാനത്തു നിന്നും മാറ്റി നിർത്തുന്നതിന് കഴിഞ്ഞ കുറേനാളുകളായി മാറിമാറി വരുന്ന സംസ്ഥാന സർക്കാരുകൾ കർശനമായ നിലപാടുകളാണ് സ്വീകരിച്ചു പോരുന്നത്. ഭാഗ്യക്കുറി നിയന്ത്രണ നിയമവും ചട്ടങ്ങളും നഗ്നമായി ലംഘിച്ച് നടത്തി വന്നിരുന്ന ഇടനിലക്കാർ വഴിയുള്ള ഇത്തരം ഭാഗ്യക്കുറികൾ ജനങ്ങളെ വല്ലാതെ അടിമപ്പെടുത്തുന്ന സമീപനങ്ങളാണ് സ്വീകരിച്ചു പോന്നിരുന്നത്. ഇവയുടെ പ്രവർത്തനം തടഞ്ഞ്, കേരളത്തിലെ ജനങ്ങളെ ഈ കൊള്ളയിൽ നിന്നും രക്ഷപ്പെടുത്തണമെന്ന സംസ്ഥാന സർക്കാരുകളുടെ നിരന്തരമായ ആവശ്യം ഒടുവിൽ 2015 ആഗസ്റ്റിൽ കേന്ദ്രസർക്കാരും അംഗീകരിച്ചു.

അന്യസംസ്ഥാന ഭാഗ്യക്കുറികളെ നിയന്ത്രിച്ച് നിർത്തുന്നതിന് ഉതകുന്ന വ്യവസ്ഥകൾ ജി.എസ്.ടി. നിയമത്തിലും നിരക്കുകളിലും ഏർപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാരിന് സാധിച്ചിരുന്നു. എന്നാൽ ഇടനിലക്കാർ മുഖാന്തിരമുള്ള ലോട്ടറി കച്ചവടത്തിന് കേരളത്തിലടക്കം യഥേഷ്ടം കടന്നുവരുന്നതിനുള്ള നീക്കങ്ങളാണ് സമീപകാലത്തായി ജി.എസ്.ടി. കൗൺസിലിൽ നടക്കുന്നത്. സംസ്ഥാനം നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെയും ഇടനിലക്കാർ മുഖാന്തിരം നടത്തുന്ന ഭാഗ്യക്കുറികളുടെയും ജി.എസ്.ടി. നിരക്ക് ഏകീകരിക്കുന്നതിനുള്ള നീക്കമാണ് ഇതിൽ പ്രധാനം. ഇവയുടെ വ്യത്യസ്ത നികുതി നിരക്കുകൾ ബഹുമാനപ്പെട്ട കൽക്കട്ട ഹൈക്കോടതി ശരിവച്ചതാണ്. ഇവ തമ്മിലുള്ള വേർതിരിവ് യുക്തിസഹമാണെന്നും ഭരണഘടനാ വിരുദ്ധമല്ലെന്നും കോടതി കണ്ടെത്തി. എന്നിട്ടും ഇടനിലക്കാർ മുഖാന്തിരമുള്ള ഭാഗ്യക്കുറികളുടെ 28 ശതമാനം നികുതി നിരക്ക് കുറച്ച് സർക്കാർ നേരിട്ടു നടത്തുന്ന ഭാഗ്യക്കുറികളുടെ നിരക്കിന് സമാനമായി ഏകീകരിക്കുവാൻ നടക്കുന്ന നീക്കം ജനങ്ങളെ കൊള്ളയടിക്കുവാൻ ഇടനിലക്കാർക്ക് അവസരം നൽകുമെന്നതിനാൽ ദുരുപദിഷ്ടമാണെന്ന് സഭ കരുതുന്നു.

ഈ നീക്കത്തിൽ കേരളത്തിലെ പതിനായിരക്കണക്കിന് വരുന്ന ഭാഗ്യക്കുറി വിൽപ്പനക്കാരും ഏജന്റുമാരും പൊതുജനങ്ങളും അങ്ങേയറ്റം ഉൽകണ്ഠാകുലരാണ്.

ഇടനിലക്കാർ മുഖാന്തിരം നടത്തുന്ന ഭാഗ്യക്കുറിയുടെ നികുതി കുറയ്ക്കുന്നത് സംസ്ഥാനങ്ങൾക്കും കേന്ദ്രത്തിനും വലിയ നികുതി നഷ്ടം വരുത്തിവയ്ക്കുക മാത്രമേ ചെയ്യുകയുള്ളൂ. ഇതിന്റെ ഗുണഭോക്താക്കൾ ഇടനിലക്കാരായ വൻകിട ഭാഗ്യക്കുറി നടത്തിപ്പുകാർ മാത്രമായിരിക്കും. ഇടനിലക്കാർ മുഖാന്തിരം നടത്തുന്ന ഇതര സംസ്ഥാന ഭാഗ്യക്കുറികളുടെ നിയമലംഘനവും കൊള്ളയും കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലും സി.ബി.ഐ.യുമെല്ലാം വ്യക്തമായി ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്.

ഭാഗ്യക്കുറികൾ നടത്തുന്ന ഇതര സംസ്ഥാന സർക്കാരുകളുമായി നേരിട്ട് കരാറിൽ ഏർപ്പെടുന്ന ഏജന്റിനുമാത്രമേ മറ്റൊരു സംസ്ഥാനത്ത് രജിസ്ട്രേഷന് അർഹതയുണ്ടാകൂവെന്ന് 28–ാമത് ജി.എസ്.ടി. കൗൺസിലിൽ വ്യക്തമായി തീരുമാനിച്ചിട്ടുണ്ട്. ഇതിന് അനുസൃതമായി ജി.എസ്.ടി. ചട്ടങ്ങളിൽ വ്യവസ്ഥകൾ കൊണ്ടുവരികയും ചെയ്തു. ഭാഗ്യക്കുറി നിയന്ത്രണ നിയമത്തിലെ വ്യവസ്ഥകളും ഇതാണ് അനുശാസിക്കുന്നത്. എന്നാൽ ഇതിന് വിഭിന്നമായി ഉപകരാറുകാരന് രജിസ്ട്രേഷൻ നൽകുന്നതിനുള്ള നീക്കവും സജീവമാണ്.

ഇത്തരത്തിൽ ഇടനിലക്കാർ മുഖാന്തിരം നിയമവിരുദ്ധമായി നടത്തുന്ന ഭാഗ്യക്കുറികൾക്ക് അനുഗുണമാകുന്ന ജി.എസ്.ടി. നിരക്ക് ഏകീകരണം, ഉപകരാറുകൾ നൽകാനുള്ള നീക്കം, സമ്മാനത്തുക കുറച്ചുള്ള വിലയിന്മേൽ മാത്രം നികുതി ഈടാക്കാനുള്ള നീക്കം എന്നിവ ഉപേക്ഷിക്കണമെന്നും ഭാഗ്യക്കുറിയുടെ ജി.എസ്.ടി. സംബന്ധമായ വിഷയങ്ങളിൽ തൽസ്ഥിതി തുടരണമെന്നും ഈ സഭ ജി.എസ്.ടി. കൗൺസിലിനോടും കേന്ദ്രസർക്കാരിനോടും ഇതിനാൽ അഭ്യർത്ഥിക്കുന്നു.

തിരുവനന്തപുരം
17.06.2019

സി.ജോസ്,
സെക്രട്ടറി – ഇൻ – ചാർജ്